(ബി) പ്രസ്തുത കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) ഈ വിഷയത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദ വിവരം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി - സി) അറ്റകുറ്റപ്പണിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറോടാവശ്യപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിച്ചു കഴിഞ്ഞാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തുന്നതാണ്.

തിരൂരങ്ങാടി സിവിൽസ്റ്റേഷൻ നിർമ്മാണം

9 (1948) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മിനി സിവിൽസ്റ്റേഷൻ നിർമ്മാണത്തിനുള്ള ലാന്റ് അക്വിസിഷൻ നടപടിക്രമങ്ങൾ ഏതു ഘട്ടം വരെയായി ;

(ബി) ലാന്റ് അക്വിസിഷൻ നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) തിരൂരങ്ങാടി മിനി സിവിൽസ്റ്റേഷൻ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി താലൂക്കിൽ മിനിസിവിൽസ്റ്റേഷൻ നിർമ്മിക്കുന്നതിന് ഗ്രാമവികസന വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം വിട്ടു കിട്ടുന്നതിനായിട്ടുള്ള ഭൂമികൈമാറ്റനിർദ്ദേശം സമർപ്പിക്കുവാൻ തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമി കൈമാറ്റ നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടില്ല.

റവന്യൂ ടവർ നിർമ്മാണം സംബന്ധിച്ച അന്വേഷണം

10 (1949) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ റവന്യൂ ടവർ നിർമ്മാണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടായിരുന്നോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത അന്വേഷണത്തിൽ ആരെല്ലാമാണ് കുറ്റക്കാരെന്ന് കണ്ടെത്തിയതെന്നും അവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly